പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2979 — 18.06.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷയും മുന്നറിയിപ്പും നൽകുന്നതിനുള്ള സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.ഡി.സതീശൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷയും മുന്നറിയിപ്പും നൽകുന്നതിനുള്ള സംവിധാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷയും മുന്നറിയിപ്പും നൽകുന്നതിനുള്ള സംവിധാനം പൂർണ്ണ തോതിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചും പ്രകൃതിക്ഷോഭങ്ങളെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കടലിൽ 1500 കി.മീറ്റർ വരെ അകലത്തിൽ വിവരങ്ങൾ എത്തിക്കുന്നതിന് നാവിക് സഹായകമാകും. ഐ.എസ്.ആർ.ഒ 'നാവിക്' സാങ്കേതിക വിദ്യ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. കെൽട്രോൺ DAT (Distress Alert Transmitter) സംവിധാനവും കൂടി ഉൾപ്പെടുത്തി വ്യാവസായികമായി 'നാവിക്' നിർമ്മിച്ചു തുടങ്ങിയിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യും. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും പ്രസ്തുത വിവരം രേഖപ്പെടുത്തുന്ന സഹായകമായ 'സാഗര' എന്ന ഒരു മൊബൈൽ ആപ്പ് NIC വികസിപ്പിച്ചെടുത്ത് പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. ഇത് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് ഡൗൺലോഡ് ചെയ്തു നൽകുന്ന നടപടി പുരോഗമിച്ചു വരികയാണ്. ഇത് ഉപയോഗിക്കുന്നതിനുള്ള പരിശീലനവും മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നു. കടലിൽ ഉണ്ടാകുന്ന അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിനാവശ്യമായ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് വളരെ വേഗം കരയിലെത്തിച്ച് ചികിത്സ ഉറപ്പു വരുത്തുന്നതിന് സഹായകമായ |

| | | | |
|---|---|---|---|
| | | | 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിനുള്ള ധാരണാപത്രം കൊച്ചിൻ ഷിപ്പ് യാർഡുമായി ഫിഷറീസ് ഡയറക്ടർ 2018 മെയ് 31 ന് ഒപ്പുവച്ചു. 18 മാസങ്ങൾകൊണ്ട് ഈ പദ്ധതി യാഥാർത്ഥ്യമാകും. |
| (ബി) | ഐ.എസ്.ആർ.ഒ നിർമ്മിച്ചുനൽകുമെന്ന് അറിയിച്ച നാവിക് എന്ന ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇത് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ചുനൽകുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഐ.എസ്.ആർ.ഒ-യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം പരീക്ഷിച്ച് വിജയിക്കുകയും 500 എണ്ണം സൗജന്യമായി നൽകുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് ആദ്യഘട്ടമായി വിതരണം ചെയ്യും.<br><br>നാവിക് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് നൽകുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെൽട്രോൺ ഐ.എസ്.ആർ.ഒ യുമായി കരാർ ഒപ്പ് വെക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോൾ യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശം രേഖപ്പെടുത്തുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (സി) | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശം രേഖപ്പെടുത്തുന്നതിനുള്ള 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത് പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. ഇത് മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിനുള്ള പരിശീലനം അവർക്ക് നൽകിവരുന്നു. എല്ലാ മത്സ്യത്തൊഴിലാളികളുടെയും മൊബൈലിലേയ്ക്ക് ഈ സംവിധാനം നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. |
| (ഡി) | മത്സ്യത്തൊഴിലാളികൾക്കായുള്ള മറൈൻ ആംബുലൻസ് നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഏത് ഏജൻസിയെയാണ് അതിന്റെ നിർമ്മാണം ഏല്പിച്ചിട്ടുള്ളത്; എത്ര മറൈൻ ആംബുലൻസുകളാണ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | മറൈൻ ആംബുലൻസുകളുടെ നിർമ്മാണം പൂർത്തിയായിട്ടില്ല. കൊച്ചിൻ ഷിപ്പ് യാർഡിനെയാണ് മറൈൻ ആംബുലൻസിന്റെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. 31.05.2018 ൽ ഇത് സംബന്ധിച്ച് ഫിഷറീസ് ഡയറക്ടറും, കൊച്ചിൻ ഷിപ്പ് യാർഡുമായി കരാർ ഒപ്പുവെച്ചു. വാർഷിക അറ്റകുറ്റപ്പണി കരാർ കൂടി ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. സൗകര്യപ്രദമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. 18 മുതൽ 24 മാസങ്ങൾകൊണ്ട് നിർമ്മിച്ച് കൈമാറുമെന്നാണ് ധാരണയായിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**